# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1737 07/03/2018 -ൽ മറുപടിയ്ക്ക്

**തിരുവനന്തപുരം മെഡിക്കൽ കോളേജിലെ വെൻറിലേറ്ററുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.മുരളീധരൻ** | **ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്ര വെൻറിലേറ്ററുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്നും ഇവയിൽ എത്രയെണ്ണമാണ് കാര്യക്ഷമമായി പ്രവർത്തിക്കുന്നതെന്നും വിശദമാക്കുമോ? | (എ) | ആകെ 73 വെൻറിലേറ്ററുകൾ നിലവിലുണ്ട്. ഇതിൽ 60 എണ്ണം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. |
| (ബി) | വെൻറിലേറ്ററുകളുടെ ദൗർലഭ്യം കാരണം നിരവധി രോഗികൾ മരിക്കാനിടയായിട്ടുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | അതീവ ഗുരുതരമായ അനവധി രോഗികൾ വന്നെത്തുന്ന മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിവിധ ഓപ്പറേഷനുകൾക്ക് വിധേയമാകുന്നവർക്ക് ജീവൻ നിലനിർത്തുന്നതിന് വെന്റിലേറ്റർ സഹായം അനിവാര്യമായ രോഗികൾക്കും ലഭ്യമായ വെന്റിലേറ്റർ സൗകര്യങ്ങൾ യഥാസമയം നൽകി വരുന്നുണ്ട്.എന്നാൽ ആശുപത്രിയുടെ ക്രിയാശേഷിയുടെ നാലിരട്ടിയിലധികം രോഗികൾ വന്നെത്തുന്ന അപൂർവ്വ ഘട്ടങ്ങളിൽ എല്ലാപേർക്കും വെന്റിലേറ്റർ സൗകര്യങ്ങൾ നല്കാൻ കഴിയാതെ വന്നിട്ടുണ്ട്. നിലവിൽ പ്രവർത്തന സജ്ജമായ വെന്റിലേറ്ററുകളുടെ സേവനം സമയോചിതമായി രോഗികൾക്ക് നല്കി വരുന്നുണ്ട്. അറ്റകുറ്റപണി നടത്തി ഉപയോഗപ്രദമാക്കാൻ കഴിയുന്ന വെന്റിലേറ്ററുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി സർക്കാർ മേഖലകളിലെ തെരഞ്ഞെടുക്കപ്പെട്ട ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ലഭ്യമാകുന്നതോടെ വികേന്ദ്രീകൃതമായ വിദഗ്ദ ചികിത്സ ഉറപ്പാക്കാനും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇന്ന് അനുഭവപ്പെടുന്ന തിരക്ക് ഒഴിവാക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അധികമായി വെൻറിലേറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ